പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. * 80 — 11.06.2014- ലെ മറുപടിക്ക്

പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിൽ മിനി ലാബുകൾ ആരംഭിക്കുന്ന പദ്ധതി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. കെ. അച്ചുതൻ<br>" തേറമ്പിൽ രാമകൃഷ്ണൻ<br>" എം. പി. വിൻസെന്റ്<br>" ആർ. സെൽവരാജ് | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ ) | പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിൽ മിനി ലാബുകൾ ആരംഭിക്കുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി) | ഇതിലൂടെ എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ; | ബി) | കേരളത്തിലെ ജനങ്ങൾക്ക് കുറഞ്ഞ ചെലവിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ മെച്ചപ്പെട്ട സേവനവും കുറ്റമറ്റ രോഗനിർണ്ണയവും പ്രാപ്യമാക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം |
| സി) | എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് പ്രസ്തുത ആരോഗ്യ കേന്ദ്രങ്ങളിൽ ഒരുക്കുവാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ; | സി) | 1. ഡിജിറ്റൽ കലോറിമീറ്റർ<br>2. സെന്റ്രിഫ്യൂജ് (8 ട്യൂബ്)<br>3. സീറോളജിക്കൽ വാട്ടർ ബാത്ത്.<br>4. ഹോട്ട് എയർ ഓവൻ<br>5. ബൈനോകുലർ മൈക്രോസ്കോപ്പ്<br>6. സെമി ആട്ടോ അനലൈസർ.<br>എന്നീ മേജർ ഉപകരണങ്ങളും അനുബന്ധ സാധനസാമഗ്രികളും ലാബിലേക്കാവശ്യമായ ഫർണീച്ചറുകളുമാണ് നൽകുന്നത്. |
| ഡി) | ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ? | ഡി) | ആയതിലേക്ക് സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഉപകരണങ്ങൾ വിതരണം ചെയ്യാൻ കേരളാ മെഡിക്കൽ സർവ്വീസസ്സ് കോർപ്പറേഷൻ ലിമിറ്റഡിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**